പ്പോഴും മഴ വരുമ്പോൾ റോഡുകൾ കുഴിയാകുന്നത്. ഇപ്പോൾ റിപ്പയർ ചെയ്യുവാൻ പറഞ്ഞാൽ പറയും, ഒക്ടോബർ ആകണം. ഒക്ടോബറിൽ മാത്രമേ റിപ്പയർ ചെയ്യുവാൻ കഴിയൂ, ഇപ്പോൾ റിപ്പയർ ചെയ്താൽ റോഡ് നിൽക്കുകയില്ല എന്നും. മഴക്കാലത്ത് ഉപയോഗിക്കേണ്ട ബിറ്റുമിൻ കൂടി ഉപയോഗിക്കുന്ന സാഹചര്യത്തിൽ ഇപ്പോഴുള്ള കുഴികളെല്ലാം നികത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ; ഒക്ടോബർ മാസംവരെ കാത്താൽ കേരളത്തിൽ ആശുപത്രികളുടെ എണ്ണം കൂട്ടേണ്ടിവരും.

<u>ശ്രീ. പി.ജെ. ജോസഫ്</u> : തിരുവനന്തപുരം സിറ്റിയിൽ ഉള്ളവർക്ക് അറിയാം. റെയിൽവേ സ്റ്റേഷന്റെ ഭാഗത്തും മറ്റ് റോഡുകളും കഴിഞ്ഞ ഒരാഴ്ച മഴ ഇല്ലാതിരുന്നപ്പോൾ ഏറിയ ഭാഗവും യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പയർ ചെയ്യുകയുണ്ടായി. ഇവിടെ മാത്രമല്ല, മിക്കവാറും ഭാഗങ്ങളിൽ ഒരാഴ്ചകൊണ്ട് ചെയ്യുവാൻ കഴിയുന്നത് ചെയ്തിട്ടുണ്ട്. മഴയുള്ളപ്പോൾ ടാറ് ഇട്ടാൽ കിടക്കുകയില്ല; രണ്ട് ദിവസംകൊണ്ട് പൊളിഞ്ഞുപോകും. ഇടവേളയിൽ വെയിൽ കിട്ടുന്ന സമയത്ത് കൂടുതൽ വർക്കുകൾ ചെയ്യുവാൻ ഏർപ്പാടാക്കിയിട്ടുണ്ട്. ഇവിടെ റോഡ് ടാറ് ചെയ്യുവാൻ പറ്റുന്ന മാസങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് എന്നീ അഞ്ച് മാസങ്ങളാണ്. ഇത്തവണ മൂന്ന് മാസമേ കിട്ടിയിട്ടുള്ളൂ. ഏപ്രിൽ മാസം മുതൽ മഴയായി. മൂന്നുമാസംകൊണ്ടാണ് ടാറിംഗ് വർക്കുകൾ മുഴുവൻ നടത്തേണ്ടിയിരുന്നത്. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകതയാണ് അത്. അത് എല്ലാപേരും സമ്മതിക്കും. മഴ തുടങ്ങുന്നതിന് മുമ്പ് പരമാവധി റോഡുകൾ റിപ്പയർ ചെയ്ത് നേരെയാക്കിയിട്ടുണ്ട്. മഴക്കാലത്ത് റോഡുകൾ പൊളിയുന്നതിന് പല കാരണങ്ങളുമുണ്ട്. വെള്ളം കെട്ടിക്കിടക്കുന്ന, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ മുഴുവൻ അടയുന്ന പ്രദേശങ്ങളിലാണ് കൂടുതൽ റോഡുകൾ കേടായിട്ടുള്ളത്. അത് റിപ്പയർ ചെയ്യുന്നതിനുള്ള സത്വര നടപടികൾ ജനപ്രതിനിധികളുമായി ആലോചിച്ച് സ്വീകരിക്കേണ്ടതായിട്ടുണ്ട്. മഴയില്ലാതെ കിട്ടുന്ന ഇടവേളകളിൽ റിപ്പയർ ചെയ്യാനുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : റോഡുകളുടെ പുനർനിർമ്മാണത്തിനും മെയിന്റനൻസിനുമൊക്കെ നബാർഡ് സാമ്പത്തിക സഹായം അനുവദിക്കുന്നതായി മനസ്സിലാക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടുകൂടി എത്ര പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്; കൂടുതൽ റോഡുകൾ ഏറ്റെടുക്കുവാൻ കഴിയുമോ; ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലത്തിലെ ചില പ്രധാനപ്പെട്ട റോഡുകളെ അതിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ; ആ രീതിയിൽ ചർച്ചകൾ നടത്തിയിട്ടുണ്ടോ?

<u>ശ്രീ. പി.ജെ ജോസഫ്</u> : കഴിഞ്ഞ മൂന്നു വർഷങ്ങളായിട്ട് നബാർഡ് പാലങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളത്. റോഡുകൾക്ക് കൂടി സഹായം നൽകാമെന്ന് ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. ഈ വർഷം റോഡുകളെക്കൂടി നബാർഡ് സ്കീമിൽ കൊണ്ടുവന്ന് കൂടുതൽ തുക ലഭ്യമാക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

3 (*312) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

<u>ശ്രീ. സി.എൻ. ജയദേവൻ</u> :
<u>ശ്രീ. പി. രാജു</u> :
<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി :

ശ്രീ. സത്യൻമൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴിൽ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റഗുലേറ്ററി കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി)&(സി) ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടന്നുവരികയാണ്.

ശ്രീ. പി. രാജു : വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സംബന്ധിച്ച് കേന്ദ്ര സർക്കാർ അംഗീകരിച്ച് നടപ്പാക്കിവരുന്ന നയത്തിൽ കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം ചില മാറ്റങ്ങൾ വരുത്തിയതായി പത്രങ്ങളിലൂടെ അറിയുവാൻ കഴിഞ്ഞു. അങ്ങനെ മാറ്റംവരുത്തിയതുകൊണ്ട് യഥാർത്ഥത്തിൽ ആട്ടോണമസ് ബോഡി എന്ന സങ്കൽപ്പത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയതിന്റെ ഫലമായി സംസ്ഥാനങ്ങൾക്ക് ദോഷകരമാണോയെന്ന് ഇലക്ട്രിസിറ്റി ബോർഡോ ഗവൺമെന്റോ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : 1998-ൽ പാസ്സാക്കിയിട്ടുള്ള റഗുലേറ്ററി കമ്മീഷൻ നിയമത്തിൽ പിന്നീട് കേന്ദ്ര ഗവൺമെന്റ് ഭേദഗതി വരുത്തിയിട്ടുള്ളതായി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. രാജു : കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ സംസ്ഥാനങ്ങൾക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും വേണമെങ്കിൽ നിയമസഭയിൽ ലെജിസ്ലേഷൻ ഇല്ലാതെതന്നെ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കാമെന്നുമുള്ള ചില നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇപ്പോൾ പുതിയതായി വന്നിട്ടുള്ളതായി കേൾക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ വെസ്റ്റ് ബംഗാളിൽ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചതായി അറിയുന്നു. ഒറീസ്സയിലും മധ്യപ്രദേശിലും നേരത്തേതന്നെ ഇത് രൂപീകരിച്ചതായി മനസ്സിലായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി നയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുക എന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു എന്ന് പ്രധാന ചോദ്യത്തിന് ഉത്തരമായി പറയുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചതിൽ ഗവൺമെന്റിന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്, ഇന്ത്യയിൽ 8 സ്റ്റേറ്റുകളിൽ റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട് എന്നാണ്. അത് രണ്ട് രൂപത്തിലാകാം. ഒന്ന്,

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള സെൻട്രൽ ആക്ടിന് വിധേയമായി എക്സിക്യൂട്ടീവ് ഉത്തരവു വഴി സ്റ്റേറ്റ് ഗവൺമെന്റിന് നടപ്പാക്കാം. മറ്റൊന്ന്, നിയമസഭയിൽ ബിൽ അവതരിപ്പിച്ച് കേന്ദ്രത്തിന്റെ അംഗീകാരത്തിന് വിധേയമാക്കി നടപ്പാക്കാം. രണ്ടിൽ ഏതുവേണം എന്നത് നിശ്ചയിക്കപ്പെട്ടിട്ടില്ല. എക്സിക്യൂട്ടീവ് ഉത്തരവ് വഴി നടപ്പാക്കുന്നത് ആയിരിക്കും നല്ലതെന്ന് പവർ സെക്രട്ടറി ഗവൺമെന്റിലേയ്ക്ക് ശുപാർശചെയ്തിട്ടുണ്ട്.

ശ്രീ. ജോസ് ബേബി : വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനം വഴി വൈദ്യുതി ഉൽപ്പാദനത്തിലും വിതരണത്തിലും പ്രസരണത്തിലും മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കഴിയുമോ? ഈ കാര്യങ്ങൾക്ക് കമ്മീഷന്റെ പ്രവർത്തനത്തിൽ മുൻഗണന നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, റഗുലേറ്ററി കമ്മീഷൻ കൊണ്ടുദ്ദേശിക്കുന്നത് പ്രധാനമായും താരിഫിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താനാണ്. സെൻട്രൽ ആക്ട് അനുസരിച്ച് ഉപഭോക്താക്കളുടേയും ബന്ധപ്പെട്ട ബോർഡിന്റേയും താൽപ്പര്യം സയന്റിഫിക്കായി പരിശോധന നടത്തി സംരക്ഷിക്കത്തക്കവിധത്തിൽ താരിഫ് പരിഷ്കരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് റഗുലേറ്ററി കമ്മീഷൻ. ജനറേഷന്റേയും ഡിസ്ട്രിബ്യൂഷന്റേയും ട്രാൻസ്മിഷന്റേയും നിലവിലുള്ള സംവിധാനങ്ങൾ പരിശോധന നടത്തി കുറവുകൾ പരിഹരിച്ച് നീങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജോസ് ബേബി : സർ, റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ച സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ? ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് താരിഫ് നിരക്കിൽ ചില അപാകതകളുണ്ടെന്ന് പറയുന്നുണ്ട്. അത് പരിഹരിക്കാനുൾപ്പെടെയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, മറ്റു സംസ്ഥാനങ്ങളിൽ രൂപീകരിച്ചിട്ടുള്ള റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നമ്മുടെ ഗവൺമെന്റ് ഒരു പരിശോധന നടത്തിയിട്ടില്ല. സ്റ്റേറ്റ് അടിസ്ഥാനത്തിലും ഡിവിഷൻ അടിസ്ഥാനത്തിലും പ്രത്യേകമായി ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി താരിഫ് റിവിഷനിലെ അനോമലി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ബാബു : സർ, സംസ്ഥാന ഗവൺമെന്റിന്റെ വൈദ്യുതിനയത്തിൽ റഗുലേറ്ററി അതോറിറ്റി മാൻഡേറ്ററിയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അടുത്തകാലത്ത് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച ടെലികോം റഗുലേറ്ററി അതോറിറ്റി ടെലഫോൺ ചാർജ്ജ് ഭീമമായി വർദ്ധിപ്പിച്ചപ്പോൾ കേന്ദ്രഗവൺമെന്റിന് ഇടപെടാൻ പറ്റാത്ത സാഹചര്യമുണ്ടായി. ഇത് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്ത് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിനു കൂടി ഇടപെടത്തക്ക വിധത്തിലുള്ള നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എസ്. ശർമ്മ : സർ, സെൻട്രൽ ആക്ടിൽ അതൊരു ആട്ടോണമസ് ബോഡിയായിരിക്കണമെന്നാണ് വിവക്ഷിക്കുന്നത്. സ്റ്റേറ്റിൽ ആ കമ്മീഷൻ വന്നാൽ അതിന്റെ ഘടനയനുസരിച്ച് ചീഫ് സെക്രട്ടറികൂടി അംഗമാണെന്നതുകൊണ്ട് സ്വാഭാവികമായി സംസ്ഥാന ഗവൺമെന്റിന്റെ ചിന്തകൂടി അതിനകത്ത് പ്രതിഫലിപ്പിക്കാനാകുന്നതാണ് എന്നാണ് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly